<u>സർക്കുലർ</u>

<u>കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ 2026-27</u>
<u>തെരഞ്ഞെടുപ്പ്</u>

<u>വോട്ടർമാർ, മത്സരാർത്ഥികൾ, മത്സരാർത്ഥികളുടെ പ്രതിനിധികൾ എന്നിവർക്കുള്ള നിർദേശങ്ങൾ</u>

കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് **12.11.2026-ൽ കാര്യവട്ടം ഗോൾഡൻ ജൂബിലി ഹാളിൽ വച്ചു നടക്കുന്ന വോട്ടെടുപ്പിനും** തുടർന്ന് **03.00 മണി മുതൽ സെനറ്റ് ഹാളിൽ നടക്കുന്ന വോട്ടെണ്ണലിനും** പങ്കെടുക്കുന്ന വോട്ടർമാർ, മത്സരാർത്ഥികൾ, മത്സരാർത്ഥികളുടെ പ്രതിനിധികൾ എന്നിവർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. വോട്ടെടുപ്പ് / വോട്ടെണ്ണൽ കേന്ദ്രങ്ങളിലേക്ക് പ്രവേശിക്കുന്ന വോട്ടർമാർ, മത്സരാർത്ഥികൾ, മത്സരാർത്ഥികളുടെ പ്രതിനിധികൾ എന്നിവർ, കേരള സർവകലാശാല ഡിപ്പാർമെൻറ്സ് യൂണിയൻ 2026-27 തെരഞ്ഞെടുപ്പിനായി പ്രത്യേകമായി വിതരണം ചെയ്തിട്ടുള്ള തിരിച്ചറിയൽ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

2. തെരഞ്ഞെടുപ്പ് പ്രക്രിയകൾ നടക്കുന്ന സ്ഥലങ്ങളിലേക്ക് മത്സരാർത്ഥികൾ/അവരുടെ പ്രതിനിധികളായി നിയോഗിക്കപ്പെട്ടിട്ടുള്ളതും വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വ്യക്തികൾ എന്നിവർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ .

3. മത്സരാർത്ഥികളുടെ പ്രതിനിധികൾക്ക്, വോട്ടെടുപ്പ് / വോട്ടെണ്ണൽ കേന്ദ്രങ്ങളിലേക്ക് പ്രവേശിക്കുന്നതിന് പ്രവേശന പാസ് നിർബന്ധമാണ്. പ്രവേശന പാസ് അനുവദിച്ച് കിട്ടുന്നതിനുള്ള മത്സരാർഥിയുടെ അപേക്ഷ **10.11.2026—ന്, വൈകുന്നേരം 04.00 മണിക്ക് മുൻപായി, നേരിട്ടോ ഇ-മെയിൽ (election@keralauniversity.ac.in) മുഖേനയോ സർവകലാശാല ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.**

4. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചശേഷം, മത്സരാർത്ഥികളുടെ പ്രതിനിധികൾക്ക് പോളിംഗ് ബൂത്തിലേക്കുള്ള പ്രവേശന പാസ് 12.11.2026-ന് രാവിലെ 9.45-ന് വോട്ടെടുപ്പ് നടക്കുന്ന ഗോൾഡൻ ജൂബിലി ഹാളിന്റെ പ്രവേശന കവാടത്തിൽ നിന്നും, കൗണ്ടിംഗ് ബൂത്തിലേക്കുള്ള പ്രവേശന പാസ് അന്നേ ദിവസം ഉച്ചയ്ക്ക് 02.45-ന് വോട്ടെണ്ണൽ നടക്കുന്ന സെനറ്റ് ഹാളിന്റെ പ്രവേശന കവാടത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

5. വോട്ട് രേഖപ്പെടുത്തുന്നതിനായി 'X' അടയാളം ഉപയോഗിക്കേണ്ടതാണ്. മറ്റ് അടയാളപ്പെടുത്തലുകൾ സ്വീകാര്യമല്ല.

6. വോട്ടെണ്ണൽ പ്രക്രിയയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന പക്ഷം, പ്രസ്തുത വ്യക്തി റിട്ടേർണിംഗ് ഓഫീസറെ സമീപിക്കേണ്ടതാണ്. **വ്യക്തികൾ കൂട്ടമായി വരുന്നതോ, അനാവശ്യ**

തർക്കങ്ങളും ഇടപെടലുകളും സൃഷ്ടിക്കുന്നതോ വോട്ടെണ്ണൽ നിർത്തി വയ്ക്കുന്നതിലേക്കും തുടർന്ന് നിയമ നടപടി സ്വീകരിക്കുന്നതിലേക്കും നയിക്കുന്നതാണ്.

7. വോട്ടെടുപ്പ് / വോട്ടെണ്ണൽ കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനവും തുടർന്നുള്ള നടപടിക്രമങ്ങളും ക്യാമറ നിരീക്ഷണത്തിലായിരിക്കും.
8. **പോളിംഗ് നടക്കുന്ന ഗോൾഡൻ ജൂബിലി ഹാളിലേക്കും പോളിംഗ് ബൂത്തിനകത്തേക്കും പ്രവേശിക്കുന്ന വോട്ടർമാർ, മത്സരാർത്ഥികൾ, മത്സരാർത്ഥികളുടെ പ്രതിനിധികൾ എന്നിവർ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ കൈവശം വയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ല.**
9. തെരഞ്ഞെടുപ്പ് നടപടികളുടെ സുഗമമായ നടത്തിപ്പിനായി പോലീസിൻറെയും സുരക്ഷാ ജീവനക്കാരുടെയും ബന്ധപ്പെട്ട പോളിങ് ഉദ്യോഗസ്ഥരുടെയും നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

Sd/-

06.11.2026 **Registrar (i/c)/Returning Officer**